പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4474 28.06.2012 - ൽ മറുപടിക്ക്

## റോഡ് ഫണ്ട് ബോർഡിൽ ഉൾപ്പെടുത്തിയ നഗരസഭകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന റോഡ് വികസനപദ്ധതിയിൽ ഏതെല്ലാം നഗരസഭകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയുമോ ; | (എ) | കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കോട്ടയം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം എന്നീ നഗരങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം നഗരത്തെകൂടി ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം റോഡുകളാണെന്നും പ്രസ്തുത പണി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ ? | (ബി) | പ്രസ്തുത പ്രവൃത്തിയിൽ മലപ്പുറം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗര റോഡുകളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിനായി വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ ഏതെല്ലാം റോഡുകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്നും, പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ